നമ്പർ.എ.ഡി(3) 2116/2013

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ. പി.ഒ. പി.ബി.നം.5432
തിരുവനന്തപുരം, തീയതി: 05/06/2013

## സർക്കുലർ നമ്പർ. 7/2013

വിഷയം:- സഹകരണ ആഡിറ്റ് – ബാങ്ക് നിക്ഷേപങ്ങളുടെ ബാക്കി നിൽപ്പ് ആഡിറ്റിൽ പരിശോധിക്കുന്നത് സംബന്ധിച്ച് ബാങ്ക് സ്ഥിരീകരണ സ്റ്റേറ്റ്മെന്റ് ബാക്കി നിൽപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നത് – സംബന്ധിച്ച്

സൂചന:- സഹകരണസംഘം രജിസ്ട്രാറുടെ 30/09/1975 ലെ 79/75-ാം നമ്പർ സർക്കുലർ.

സൂചന പ്രകാരം സഹകരണസംഘങ്ങൾ ആഡിറ്റ് ചെയ്യുന്ന വേളയിൽ ബന്ധപ്പെട്ട ആഡിറ്റർ ബാങ്ക് നിക്ഷേപങ്ങളുടെ സ്ഥിരീകരണ സർട്ടിഫിക്കറ്റ് നേരിട്ട് ബാങ്കുകളിൽ നിന്നും വാങ്ങി സംഘങ്ങളുടെ കണക്കുപുസ്തകങ്ങളിൽ ചേർന്നിരിക്കുന്ന നിക്ഷേപ ബാക്കി കണക്കുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സഹകരണസംഘങ്ങളുടെ/ബാങ്കുകളുടെ ആഡിറ്റ് നടത്തുന്ന വേളയിൽ സംഘം ജീവനക്കാർ നിക്ഷേപങ്ങളുടെ സ്ഥിരീകരണ സർട്ടിഫിക്കറ്റ് നിക്ഷേപം നടത്തിയിട്ടുള്ള ബാങ്കിൽ നിന്നും വാങ്ങി ആഡിറ്റർക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയ ശേഷം ബാങ്ക് നിക്ഷേപം സംബന്ധിച്ച കണക്കുകൾ തെറ്റായിരുന്നുവെന്നും, ബാങ്ക് നിക്ഷേപത്തിൻ മേൽ നടത്തിയ പണാപഹരണം/ക്രമക്കേടുകൾ ആഡിറ്ററുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നും വ്യക്തമാകുകയുണ്ടായി. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ആഡിറ്റർമാർ നേരിട്ടുതന്നെ ബാങ്ക് നിക്ഷേപങ്ങളുടെ സ്ഥിരീകരണ സർട്ടിഫിക്കറ്റിനായി ആഡിറ്റ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ I –ൽ കത്ത് നൽകേണ്ടതാണ്.

(2) ഒരു സാഹചര്യത്തിലും സംഘം/ബാങ്ക് ജീവനക്കാർ മുഖേന കത്ത് നൽകുന്നതിനോ, സ്ഥിരീകരണ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ചുമതലപ്പെടുത്തുവാനോ പാടില്ല. ആയത് പൂർണ്ണമായും ആഡിറ്ററുടെ ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണ്.

(3) ബാങ്ക് നിക്ഷേപ സ്ഥിരീകരണ സർട്ടിഫിക്കറ്റ് ബാക്കി നിൽപ്പ് തുക ആഡിറ്റർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

(4) ആഡിറ്ററുടെ പരിശോധനയിൽ പണാപഹരണം ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട് ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുൻപായി സമർപ്പിക്കേണ്ടതാണ്.

(5) ബാങ്ക് നിക്ഷേപം സംബന്ധിച്ച അനുരഞ്ജന സ്റ്റേറ്റ്മെന്റ് ഓരോ ബാങ്ക് അക്കൗണ്ടിനും പ്രത്യേകമായി ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(6) എല്ലാ സഹകരണ ബാങ്കുകളിലും/ സംഘങ്ങളിലും നിക്ഷേപ രജിസ്റ്റർ (Investment Register) കൃത്യമായി എഴുതി സൂക്ഷിക്കുന്നു എന്നുറപ്പുവരുത്തേണ്ടതാണ്.

(7) ജോയിന്റ് ഡയറക്ടർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിച്ചു നൽകുന്നതിനു മുൻപായി ബാങ്ക് നിക്ഷേപങ്ങളുടെ സ്ഥിരീകരണ സർട്ടിഫിക്കറ്റുകളുമായി ആഡിറ്റ് റിപ്പോർട്ട് ഒത്തുനോക്കിയും മറ്റും ബാക്കി നിൽപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

(8) ആഡിറ്റ് നോട്ട് പരിശോധനയ്ക്കായി നൽകുമ്പോൾ ബന്ധപ്പെട്ട ആഡിറ്റർമാർ ആയത് കൃത്യമായി പരിശോധിച്ച് ചെക്ക്മെമ്മോ തയ്യാറാക്കുന്നു എന്ന് ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ശരിയായ രീതിയിൽ പരിശോധിച്ച് ചെക്ക്മെമ്മോ തയ്യാറാക്കാത്ത ആഡിറ്റർമാർക്കെതിരെ ജോയിന്റ് ഡയറക്ടർമാർ /അസിസ്റ്റന്റ് ഡയറക്ടർമാർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(9) നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് ആഡിറ്റർമാരുടെ ഉത്തരവാദിത്വം അവർ ഗൗരവപൂർവ്വം നിറവേറ്റേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ ജോയിന്റ് ഡയറക്ടർമാർ /അസിസ്റ്റന്റ് ഡയറക്ടർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള ആഡിറ്റർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, ആയത് ആഡിറ്റ് വേളയിൽ നടപ്പിൽ വരുത്തുന്നു എന്നുറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
വി. സനൽകുമാർ. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
(1) സഹകരണസംഘം രജിസ്ട്രാർ
(2) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
(3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(4) എല്ലാ ജോയിന്റ് ഡയറക്ടർ/സമകാല ആഡിറ്റർമാർക്കും
(5) എല്ലാ ഡെപ്യൂട്ടി / അസിസ്റ്റന്റ് ഡയറക്ടർ /സമകാല ആഡിറ്റർമാർക്കും
(6) ഇ.പി.ആർ.ഒ, സഹകരണവീഥി
(7) ഡയറക്ടറുടെ മേശപ്പുറത്ത്
(8) അഡീഷണൽ ഡയറക്ടറുടെ മേശപ്പുറത്ത്
(9) സ്റ്റോക്ക് ഫയൽ